(എ) നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ വകുപ്പുകൾക്കായി അനുവദിച്ച തുക എത്ര ; വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

(ബി) നടപ്പു സാമ്പത്തിക വർഷത്തിൽ നാളിതുവരെയുള്ള പദ്ധതി ചെലവ് വകുപ്പടിസ്ഥാനത്തിൽ വിശദമാക്കാമോ ;

(സി) ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുകയുടെ എത്ര ശതമാനം ഇതിനകം ചെലവഴിച്ചു ;

(ഡി) നടപ്പുസാമ്പത്തിക വർഷം കേന്ദ്ര സഹായ പദ്ധതികൾക്കായി ഓരോ വകുപ്പിനും വകയിരുത്തപ്പെട്ട തുക എത്രയായിരുന്നു; പ്രസ്തുത തുകയിൽ ഇതുവരെ എന്ത് തുക ചെലവായിയെന്ന് വകുപ്പടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) 2014-15 സാമ്പത്തിക വർഷം വകുപ്പുകൾക്കായി അനുവദിച്ച പദ്ധതി വിഹിത, ആസൂത്രണ സാമ്പത്തികകാര്യവകുപ്പിന്റെ പദ്ധതി അവലോകന പത്രിക അനുസരിച്ച് ഒക്ടോബർ മാസംവരെ സംസ്ഥാന പദ്ധതി, കേന്ദ്ര സഹായ പദ്ധതികൾ എന്നിവയിലുണ്ടായ ചെലവുകൾ, ഇവയുടെ ശതമാനം എന്നിവ-യടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു.*

ഏറനാട് മണ്ഡലത്തിലെ എ.ഡി.എസ്.

164 (504) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എ.ഡി.എസ്. നിലവിൽ വന്നതിനുശേഷം ധനകാര്യവകുപ്പ് എത്ര പദ്ധതികൾക്കാണ് ഏറനാട് മണ്ഡലത്തിൽ ഭരണാനുമതി നൽകിയിട്ടുള്ളത് ; വർഷം ; തുക ക്രമത്തിൽ വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇനിയും ഭരണാനുമതിയ്ക്കായി എത്ര പ്രവൃത്തികൾ വകുപ്പിന്റെ പരിഗണനയിലുണ്ട് ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) LAC-ADS നിലവിൽ വന്നതിനുശേഷം ഏറനാട് മണ്ഡലത്തിൽ 753 ലക്ഷം രൂപ അടങ്കൽ വരുന്ന 18 പ്രവൃത്തികൾക്ക് ധനവകുപ്പിൽ നിന്നും അനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഏറനാട് മണ്ഡലത്തിലെ അരീക്കോട് സ്റ്റേഡിയം നിർമ്മാണം (50 ലക്ഷം രൂപ), സ്കൂൾ ബസ്സ് വാങ്ങുന്നത് (75 ലക്ഷം രൂപ) സംബന്ധിച്ച വിഷയങ്ങളാണ് നിലവിൽ ധനവകുപ്പിന്റെ പരിഗണനയിലുള്ളത്.

നടപ്പ് സാമ്പത്തികവർഷം ബഡ്ജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ

165 (505) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നടപ്പ് സാമ്പത്തിക വർഷം നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ പ്രഖ്യാപിച്ച എത്ര പുതിയ പദ്ധതികൾ ഉണ്ടായിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഇവയിൽ എത്രയെണ്ണത്തിന് ഇതിനകം ഭരണാനുമതി നൽകിയിട്ടുണ്ടെന്നും ഭരണാനുമതി നൽകാൻ അവശേഷിക്കുന്നവ എത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) മുൻ സാമ്പത്തിക വർഷങ്ങളിൽ പ്രഖ്യാപിച്ച എത്ര പദ്ധതികളാണ് ഇപ്പോഴും നടപ്പിലാക്കുന്നതിനായി പരിഗണനയിലിരിക്കുന്നതെന്നും ; ഭരണാനുമതി നൽകാൻ ബാക്കി നില്പുള്ളവ എത്രയാണെന്നും വ്യക്തമാക്കാമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly